"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി.ആൻമേരി.എം ന് പഠനാർത്ഥം ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.3000/2022/LSGD തീയതി,തിരുവനന്തപുരം, 03-12-2022

---

പരാമർശം:- 1. സ.ഉ. (സാധാ) നം.3463/2017/തസ്വഭവ, തീയതി 31.10.2017

2. ശ്രീമതി.ആൻമേരി.എം-ന്റെ 24.08.2020 ലെ ശൂന്യവേതനാവധിയപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 29.09.2020, 11.07.2022 എന്നീ തീയതികളിലെ ഇ6-8987/2020നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി.ആൻമേരി.എം ന് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ആൻമേരി.എം, 07.07.2016 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ ചരിത്രവിഷയത്തിൽ Ph.D കോഴ്സ് പൂർത്തിയാക്കുന്നതിനായി പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01.11.2020 മുതൽ 31.10.2022 വരേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ 02.11.2017 മുതൽ 01.11.2023 വരേക്കാണ് കോഴ്സ് കാലാവധി. ടിയാൾക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കേണ്ടതുള്ളതിനാൽ തിരികെ പഞ്ചായത്ത് വകുപ്പിൽ 31.01.2022 ൽ സേവനത്തിൽ പുനഃപ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്ക് മാത്രമേ അനുബന്ധം XII B പ്രകാരമുള്ള അവധി അനുവദിക്കാനാകൂ എന്ന് പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ഈ കേസിൽ ശ്രീമതി.ആൻമേരി.എം സർവ്വീസിൽ തിരികെ പ്രവേശിച്ച് മറ്റൊരു ജോലിക്കായി വിടുതൽ ചെയ്തു എന്ന വസ്തുത കണക്കിലെടുത്ത് ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീമതി.ആൻമേരി.എം ന് പരാമർശം (1) ഉത്തരവ് പ്രകാരം 02. 11.2017 മുതൽ 01.11.2020 വരെ അനുവദിച്ച ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 02.11.2020 മുതൽ 30-01 -2022 വരെ കെ.എസ്.ആർ ഭാഗം ഒന്ന്, അനുബന്ധം XII B പ്രകാരമുള്ള ശൂന്യവേതന അവധി ദീർഘിപ്പിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്, ഇടുക്കി(പഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ശ്രീമതി.ആൻമേരി.എം, ക്ലാർക്ക്, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്, ഇടുക്കി (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന)
ധനവകുപ്പ് ( 24.11.2022ലെ 234/ഡെവ-1/20/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(197/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 05-12-2022 09:58:13**
സെക്ഷൻ ഓഫീസർ